**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 3380

18.02.2013 - ലെ മറുപടിയ്ക്ക്

**ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ രൂപീകരണം**

**ചോദ്യം**
ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, എ. റ്റി. ജോർജ്
,, ആർ. സെൽവരാജ്
,, പി. എ. മാധവൻ

**ഉത്തരം**
ശ്രീ. മഞ്ഞളാംകുഴി അലി
(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പമന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) സംസ്ഥാനത്ത് ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) 24/8/2011ലെ സ.ഉ. (കൈ) നമ്പർ:260/2011/ പൊ.ഭ.വ പ്രകാരം സംസ്ഥാനത്ത് ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ രൂപീകരിച്ച് ഉത്തരവായി. |
| (ബി) ഇതിന്റെ പ്രവർത്തനങ്ങളും ഉദ്ദേശ്യലക്ഷ്യങ്ങളും എന്തൊക്കെയാണ്; വിശദമാക്കുമോ ;<br>(സി) എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇതിൻപ്രകാരം നടപ്പിലാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ; | (ബി) യും (സി) യും ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ജനവിഭാഗങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ ലോൺ നൽകുക, ടി വിഭാഗത്തിന്റെ സമഗ്രമായ വികസന പ്രവർത്തനങ്ങൾക്കായി ഇതര രീതിയിലുള്ള ധനസഹായം നൽകുക, ഇവർക്കിടയിലെ സ്വയംസഹായ സംഘങ്ങളെ പ്രോൽസാഹിപ്പിക്കുക, ബഹുമുഖ പരിശീലന പദ്ധതികൾ പോഷിപ്പിക്കുക തുടങ്ങിയവയാണ് പ്രസ്തുത കോർപ്പറേഷൻ വിഭാവനം ചെയ്യുന്നത്. കൂടാതെ ദേശീയ ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷന്റെ വിവിധ പദ്ധതികൾ കോർപ്പറേഷൻ മുഖേന കൂടുതൽ സുഗമമായും കാര്യക്ഷമമായും നടപ്പിലാക്കാൻ കഴിയും. |
| (ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ? | (ഡി) ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനാവശ്യമായ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ, ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ എന്നിവ സർക്കാർ അംഗീകരിച്ചു. കമ്പനി രജിസ്റ്റർ ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ